**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 913** **24-02-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിൽ കാട്ടാനശല്യം തടയുന്നതിന് പുതിയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിൽ കാട്ടാനശല്യം തടയുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) | ഉണ്ട്. കാസറഗോഡ് റെയിഞ്ച് പരിധിയിൽ കാട്ടാനശല്യം തടയുന്നതിന് കാറഡുക്ക ആന പ്രതിരോധ പദ്ധതി (KAPP-21) എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. കാസറഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്കിനു കീഴിലുള്ള ദേലംപാടി, കാറഡുക്ക, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ പഞ്ചായത്തുകളിൽ രൂക്ഷമായ ആന ശല്യമാണ് 2008 മുതൽ അനുഭവപ്പെടുന്നത്. വ്യാപകമായ കൃഷിനാശങ്ങൾ ഇതുമൂലം ഉണ്ടാവുകയും പ്രദേശവാസികൾ കഷ്ടത അനുഭവിക്കുകയും ചെയ്യുന്നു. കാട്ടാനക്കൂട്ടങ്ങൾ 30 കി.മീ. ദൂരത്തിൽ കർണ്ണാടക അതിർത്തിയിൽ നിന്ന് കേരളത്തിലെ ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങി ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിച്ചിരിക്കുകയാണ്. ഈ സന്നിഗ്ധഘട്ടത്തിൽ വനം വകുപ്പിന്റെ നിലവിലെ സ്റ്റാഫിനെ ഉപയോഗിച്ച് ഈ ആക്രമണങ്ങൾ ഒഴിവാക്കുന്നതിന് സാധിക്കാതെ വന്നിരിക്കുകയാണ്. വനം വകുപ്പ് കഴിഞ്ഞ കുറേ ദിവസങ്ങളായി നടത്തിയ പരിശ്രമങ്ങൾ കാട്ടാനകളെ പൂർണ്ണമായും തുരത്തുന്നതിന് സാധിച്ചിരുന്നില്ല. സ്റ്റാഫിൻറെ കുറവും, വാഹനങ്ങളുടെ അപര്യാപ്തതയും, കാട്ടാനകളെ തുരത്തുന്നതിനുള്ള സാമഗ്രികളുടെ കുറവും ഈ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. ഈ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് കാട്ടാന ആക്രമണം തടയുന്നതിന് 14.09.2021-ന് വനം വകുപ്പിൻറെയും ദേലംപാടി, കാറഡുക്ക, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ പഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവരുടെ യോഗം കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് മുമ്പാകെ നടത്തുകയും, അടിയന്തിരമായി വനം വകുപ്പ് ഉദ്യോഗസ്ഥരെയും പ്രദേശവാസികളെയും |

ഉൾപ്പെടുത്തി ദ്രുതകർമ്മസേന ഉണ്ടാക്കി ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങിയ കാട്ടാനകളെ തുരത്തുന്നതിനും ആനപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിന് തീരുമാനം യോഗത്തിൽ എടുക്കുകയുണ്ടായി. കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് ഇതിനായി ഫണ്ട് വകയിരുത്തുകയുണ്ടായി. ഇതോടനുബന്ധിച്ച് കാസറഗോഡ് ജില്ലയിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തും വനം വകുപ്പും സംയുക്തമായി കാറഡുക്ക ആന പ്രതിരോധ പദ്ധതി (KAPP-21) എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കുകയും, കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിൻറെ പരിധിയിലുള്ള വനാതിർത്തിയിൽ 29 കി.മീ. ഹാംഗിംഗ് ഫെൻസ് (തൂക്കുവേലി), വിവിധ ആനപ്രതിരോധ പ്രവർത്തനങ്ങൾ, ക്യാമ്പ് ഷെഡ്ഡുകൾ, വാച്ച് ടവർ, ആനപ്രതിരോധ വാച്ചർമാർ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിലുൾപ്പെടുത്തുകയും, ഈ പദ്ധതി കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി 02.11.2021 തീയതിയിലെ 1(4)2021 നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് കാസറഗോഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, ഫോറസ്റ്റ് ഡവലപ്പ്മെൻറ് ഏജൻസിയുടെ പേരിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ബോവിക്കാനം ബ്രാഞ്ചിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നമ്പർ 016922010000167) തുടങ്ങുകയുമുണ്ടായി. ഈ അംഗീകരിച്ച പദ്ധതിയിലേക്ക് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് 20 ലക്ഷം രൂപയും, കാസറഗോഡ് ജില്ലാ പഞ്ചായത്ത് 10 ലക്ഷം രൂപയും, ദേലമ്പാടി ഗ്രാമപഞ്ചായത്ത് 5 ലക്ഷം രൂപയും, ബേഡഡുക്ക ഗ്രാമപഞ്ചായത്ത് 5 ലക്ഷം രൂപയും കാസറഗോഡ് എഫ്.ഡി.എ. അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. ഇതുവരെ 40 ലക്ഷം രൂപ എഫ്.ഡി.എ. അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട്. ഇതിലുൾപ്പെട്ട 29 കി.മീ. തൂക്കുവേലിയുടെ പ്രവർത്തനം M/s കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കാനാണ് ബ്ലോക്ക് പഞ്ചായത്തും വനം വകുപ്പും തീരുമാനമെടുത്തത്. ആയതുപ്രകാരം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും, M/s. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും സംയുക്തമായി 3.2 കോടി രൂപയുടെ പ്രവൃത്തികൾക്കായുള്ള MoU ഒപ്പിടുകയും M/s. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഈ പ്രവൃത്തി ഏറ്റെടുത്ത് ടെണ്ടർ നടപടികൾ

| | | | |
|---|---|---|---|
| | | | ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടാന ആക്രമണം മൂലം വളരെ ദുരിതം അനുഭവിക്കുന്ന കർഷകർക്ക് ഈ പദ്ധതി വളരെ ആശ്വാസകരമാകും. ഈ പദ്ധതിയുടെ വിശദവിവരങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതിക്ക് എത്ര രൂപ വേണ്ടി വരും, പദ്ധതി എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാനാകും തുടങ്ങിയ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി 4,11,00,000/- രൂപ പ്രതീക്ഷിക്കുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

| SL No | ITEMS | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 | ആകെ പ്രതീക്ഷിത ചെലവ് |
|---|---|---|---|---|---|---|---|
| 1 | ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് | 5239200 (8 km) | 13752900 | | | | 18992100 |
| 2 | സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ | 1000000 (24 km) | 500000 | 500000 | | | 2000000 |
| 3 | വാച്ചർ - ആനകളെ കാട്ടിലേക്ക് ഓടിക്കുന്നത് | 1300000 | 612720 | 612720 | 612720 | 612720 | 3750880 |
| 4 | ഹാങ്ങിംഗ് സോളാർ ഫെൻസിംഗിന്റെ സംരക്ഷണം | | | 1000000 | 1000000 | 1000000 | 3000000 |
| 5 | അറ്റകുറ്റപ്പണികൾക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നത് | 100000 | 100000 | 100000 | 100000 | 100000 | 500000 |
| 6 | പടക്കങ്ങൾ | 90000 | 54000 | 30000 | 30000 | 30000 | 234000 |
| 7 | ആർ.ആർ.ടി യൂണിറ്റിനുള്ള ഭക്ഷണപദാർത്ഥങ്ങൾ | 234000 | 108000 | 54000 | 54000 | 54000 | 504000 |
| 8 | വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും, ഓയിലും | 200000 | 130000 | 80000 | 80000 | 80000 | 570000 |
| 9 | ടാക്സി/പിക്കപ്പ് വാടക | 200000 | 100000 | 80000 | 60000 | 60000 | 500000 |
| 10 | ആർ.ആർ.ടി കിറ്റ് | 200000 | 300000 | | | | 500000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | ആനകളെ ഓടിക്കുന്ന വാച്ചർമാർക്കുള്ള ട്രെയിനിംഗ് | 25000 | 25000 | 25000 | | | 75000 |
| 12 | സോളാർ തെരുവ് വിളക്ക് | | 500000 | 500000 | 500000 | | 1500000 |
| 13 | ദിവസവേതന വാച്ചർമാർക്കുള്ള ഇൻഷ്വുറൻസ് | 10000 | 10000 | 10000 | 10000 | 10000 | 50000 |
| 14 | മുന്നറിയിപ്പ് ബോർഡ് | 200000 | 500000 | | | | 700000 |
| 15 | വന്യമൃഗങ്ങളുടെ ആക്രമണത്താൽ പരിക്കേറ്റവർക്കും മരിച്ചവർക്കുമുള്ള നഷ്ടപരിഹാരം | 1000000 | 1000000 | 500000 | 500000 | 500000 | 3500000 |
| 16 | പുലിപ്പറമ്പയിൽ വാച്ച് ടവർ, കുഴൽ കിണർ | | 1100000 | | | 200000 | 1300000 |
| 17 | ക്യാമ്പ് ഷെഡ്, കുഴൽ കിണർ | | 1500000 | | | 200000 | 1700000 |
| 18 | ഡി.പി.ആർ | 25000 | | | | | 25000 |
| 19 | വാച്ചർ - ഹാങ്ങിംഗ് സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണി | 100000 | 200000 | 200000 | 200000 | 200000 | 900000 |
| 20 | അപ്രതീക്ഷിത ചിലവ് - പ്രഥമ ശുശ്രൂഷ, ഇന്ധനം മുതലായവ | 200000 | 200000 | 146000 | 130000 | 123020 | 799020 |
| **TOTAL** | | **10123200** | **20692620** | **3837720** | **3276720** | **3169740** | **41100000** |